**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2402** **15-10-2024 - ൽ മറുപടിയ്ക്ക്**

**ദന്തൽ യൂണിറ്റ് തുടങ്ങുന്നതിനായി തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | 'ആർദ്രം' മാനദണ്ഡപ്രകാരം സംസ്ഥാനത്തെ താലൂക്ക് ആശുപത്രികളിൽ ഒരു ദന്തൽ സർജൻ, ഒരു ദന്തൽ ഹൈജീനിസ്റ്റ്, ഒരു ദന്തൽ മെക്കാനിക്ക് എന്നീ തസ്തികകളോട്ടു കൂടിയ ദന്തൽ വിംഗ് മൈനർ സ്പെഷ്യാലിറ്റിയായി ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 07-07-2018 ലെ സ.ഉ(സാധാ)നം.2198/2018/ആ.കു.വ പ്രകാരം ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള താലൂക്ക് ആശുപത്രികളിൽ Separate dental and Physical Medicine departments with adequate facilities ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. Aardram guideline ൽ Dental Surgeon – 1, Dental Mechanic – 1, Dental Hygienist – 1 എന്നീ തസ്തികകൾ മൈനർ സ്പെഷ്യാലിറ്റിയിൽ ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ദന്തൽ യൂണിറ്റ് നിലവിലില്ലാത്തതിനാൽ അത് തുടങ്ങുന്നതിന് ഭരണാനുമതി നൽകി ആരോഗ്യ വകുപ്പ് ഉത്തരവിറക്കിയ അഞ്ച് താലൂക്ക് ആശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിന് വേണ്ടി ധനകാര്യവകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിലെ സ്ഥിതി അറിയിക്കുമോ; | (ബി) | ആരോഗ്യ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ച TH Bedadka, TH Mangalpady, TH Kondotty, TH Kattappana, TH Pathanapuram എന്നീ 5 താലൂക്ക് ആശുപത്രികളിൽ ഡെന്റൽ വിംഗ് തുടങ്ങുന്നതിന് അസിസ്റ്റന്റ് ഡെന്റൽ സർജൻ (5), ദന്തൽ ഹൈജീനിസ്റ്റ് (5), ദന്തൽ മെക്കാനിക്ക് (5) എന്നീ 15 തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഭരണവകുപ്പ് ശിപാർശ ധനകാര്യ വകുപ്പ് പരിശോധിക്കുകയും ആയത് തൽക്കാലത്തേക്ക് മാറ്റി വച്ചിരിക്കുകയുമാണ്. പ്രസ്തുത ശിപാർശ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |
| (സി) | പ്രസ്തുത ഫയലിൻമേൽ തീരുമാനമെടുക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; ഭരണാനുമതി ലഭിച്ച സാഹചര്യത്തിൽ തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ആരോഗ്യ വകുപ്പിന് കീഴിൽ ഭരണാനുമതി ലഭിച്ച TH Bedadka, TH Mangalpady, TH Kondotty, TH Kattappana, TH Pathanapuram എന്നീ 5 താലൂക്ക് ആശുപത്രികളിൽ ഡെന്റൽ വിംഗ് തുടങ്ങുന്നതിന് അസിസ്റ്റന്റ് ഡെന്റൽ സർജൻ (5), ദന്തൽ ഹൈജീനിസ്റ്റ് (5), ദന്തൽ മെക്കാനിക്ക് (5) എന്നീ 15 തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച ഭരണവകുപ്പ് ശിപാർശ ധനകാര്യ വകുപ്പ് പരിശോധിക്കുകയും ആയത് തൽക്കാലത്തേക്ക് മാറ്റി വച്ചിരിക്കുകയുമാണ്. പ്രസ്തുത ശിപാർശ സർക്കാരിന്റെ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ